വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നു. ഈ വർഷാരംഭത്തിലുള്ള പരിശോധനകൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. പരിശോധന പൂർത്തിയാക്കി " checked" സ്ലിപ് പതിപ്പിച്ച വാഹനങ്ങൾ മാത്രമേ സ്കൂൾ വാഹനങ്ങളായി ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ. ഇതുകൂടാതെ സ്കൂൾ സമയങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്.

ഗുഡ്സ് വാഹനങ്ങൾ, ബസുകൾ എന്നീ വാഹനങ്ങളിലും കർശന പരിശോധന നടത്തിവരുന്നു. സ്കൂൾ ബസുകൾ ഉൾപ്പെടെയുള്ള ഇത്തരം വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളിൽ ജി.പി.എസും നിർബന്ധമാണ്. വാഹനങ്ങളിൽ ജി.പി.എസ് നടപ്പിലാക്കുന്നതോടു കൂടി 24x7 വാഹനനിരീക്ഷണം സാധ്യമാകുന്നതാണ്. ആയതിന് പുറമേ അടിയന്തര സഹായത്തിനായി പാനിക് ബട്ടൺ ഇവയിൽ നിർബന്ധമാക്കുന്നുണ്ട്.

ഇതുകൂടാതെ, അമിതവേഗം, സിഗ്നൽ വയലേഷൻ എന്നിവ കണ്ടെത്തുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 203 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ വാളയാർ-വടക്കാഞ്ചേരി മേഖലകളിൽ 37 ക്യാമറകളും, വളരെയധികം അപകടങ്ങൾ നടക്കാറുള്ള കവടിയാർ - വെള്ളയമ്പലം റോഡിലും ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിച്ചതിനുശേഷം അപകടങ്ങൾ ഈ മേഖലകളിൽ താരതമ്യേന കുറവാണ്. ഇതുവഴി അപകടങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

### നികുതി കുടിശ്ശിക ഒടുക്കാത്ത ബസ് സർവ്വീസുകൾ

312 (5336) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകളിൽ നിന്ന് നികുതി കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് പിരിച്ചെടുക്കാനുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) നികുതി കുടിശ്ശിക ഒടുക്കാതെ സർവ്വീസുകൾ നടത്തുന്ന ബസ് ഉടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കർശനമാക്കുമോയെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) അന്തർ സംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകളിൽ നിന്ന് നികുതി കുടിശ്ശിക ഇനത്തിൽ ആകെ 41,63,25,786 രൂപ പിരിച്ചെടുക്കാനുണ്ട്.

(ബി) വാഹന ഉടമകൾക്കെതിരെ ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. കൂടാതെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇത്തരം നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി കർശനമാക്കിയിട്ടുണ്ട്.

**സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ നടപടി**

313 (5337) <u>ശ്രീ. എ. പ്രദീപ്കുമാർ</u>:
<u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര സർവ്വീസുകൾ നടത്തുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളുടെയും പോലീസിന്റെയും സഹായത്തോടെ സമാന്തര സർവ്വീസുകൾക്കെതിരെ ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി കെ. എസ്. ആർ. ടി. സി. യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ഇപ്രകാരം സമാന്തര സർവ്വീസുകൾ നിർത്തലാക്കിയ പ്രദേശങ്ങളിൽ ആവശ്യമായ സർവ്വീസുകൾ നടത്തുവാൻ കെ. എസ്. ആർ. ടി. സി. -ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇത്തരം സമാന്തര സർവ്വീസുകളിൽ യാത്രക്കാർക്ക് വളരെ മോശപ്പെട്ട അനുഭവങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ പരിശോധനകൾ കൂടുതൽ കർശനമാക്കുവാനും ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly